സൂറഃ-7

# അൽ അഅ്റാഫ്

سَأَصْرِفُ عَنْ آيَاتِيَ الَّذِينَ يَتَكَبَّرُونَ فِي الْأَرْضِ بِغَيْرِ الْحَقِّ وَإِن
يَرَوْا كُلَّ آيَةٍ لَّا يُؤْمِنُوا بِهَا وَإِن يَرَوْا سَبِيلَ الرُّشْدِ لَا يَتَّخِذُوهُ
سَبِيلًا وَإِن يَرَوْا سَبِيلَ الْغَيِّ يَتَّخِذُوهُ سَبِيلًا ذَٰلِكَ بِأَنَّهُمْ كَذَّبُوا
بِآيَاتِنَا وَكَانُوا عَنْهَا غَافِلِينَ ﴿١٤٦﴾
وَالَّذِينَ كَذَّبُوا بِآيَاتِنَا وَلِقَاءِ الْآخِرَةِ حَبِطَتْ أَعْمَالُهُمْ هَلْ يُجْزَوْنَ إِلَّا مَا
كَانُوا يَعْمَلُونَ ﴿١٤٧﴾
وَاتَّخَذَ قَوْمُ مُوسَىٰ مِن بَعْدِهِ مِنْ حُلِيِّهِمْ عِجْلًا جَسَدًا لَّهُ خُوَارٌ أَلَمْ
يَرَوْا أَنَّهُ لَا يُكَلِّمُهُمْ وَلَا يَهْدِيهِمْ سَبِيلًا اتَّخَذُوهُ وَكَانُوا ظَالِمِينَ ﴿١٤٨﴾
وَلَمَّا سُقِطَ فِي أَيْدِيهِمْ وَرَأَوْا أَنَّهُمْ قَدْ ضَلُّوا قَالُوا لَئِن لَّمْ
يَرْحَمْنَا رَبُّنَا وَيَغْفِرْ لَنَا لَنَكُونَنَّ مِنَ الْخَاسِرِينَ ﴿١٤٩﴾

**146.** ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു വാഴുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽനിന്ന് ഞാൻ തിരിച്ചുകളയും. ഏതു ദൃഷ്ടാന്തം കണ്ടാലും അവർ വിശ്വസിക്കാൻ പോകുന്നില്ല. വിവേകത്തിന്റെ വഴി കണ്ടാൽ അതു കൈക്കൊള്ളുകയുമില്ല. അവിവേകത്തിന്റെ വഴികണ്ടാലോ, അവരതിനെ സ്വന്തം വഴിയായി സ്വീകരിക്കുകയും ചെയ്യും. നമ്മുടെ സൂക്തങ്ങളെ തള്ളിപ്പറഞ്ഞതിനാലത്രെ ഇത്. അതിനെക്കുറിച്ച് തീരെ അശ്രദ്ധരുമാണവർ.

**147.** എന്നാൽ നമ്മുടെ ദൃഷ്ടാന്തങ്ങളെയും പരലോകത്തെ കണ്ടുമുട്ടുന്നതിനെയും തള്ളിപ്പറഞ്ഞവരുണ്ടല്ലോ, അവരുടെ കർമങ്ങളൊക്കെയും കെട്ടുപോയിരിക്കുന്നു. മനുഷ്യർ പ്രവർത്തിച്ചതിനല്ലാതെ അവർക്ക് പ്രതിഫലം ലഭിക്കുമോ?

**148.** മൂസായുടെ ജനം അദ്ദേഹത്തിന്റെ പിറകിൽ, തങ്ങളുടെ ആഭരണങ്ങൾകൊണ്ടുണ്ടാക്കിയ, മുക്രയിടുന്ന ഒരു കാളക്കിടാവിന്റെ പ്രതിമയെ ആരാധനാമൂർത്തിയായി സ്വീകരിച്ചു. ആ പ്രതിമ അവരോട് സംസാരിക്കുന്നില്ലെന്നും യാതൊരു മാർഗത്തിലേക്കും നയിക്കുന്നില്ലെന്നും അവർ കണ്ടിരുന്നില്ലയോ? എന്നിട്ടും അവരതിനെ ആരാധ്യമായി സ്വീകരിച്ചു. അങ്ങനെ കടുത്ത ധിക്കാരികളായിത്തീരുകയും ചെയ്തു.

**149.** പിന്നീട് സ്വന്തം ചെയ്തിയെച്ചൊല്ലി നെടുംഖേദത്തിലകപ്പെടുകയും തങ്ങൾ വഴിതെറ്റിപ്പോയെന്ന് മനസ്സിലാക്കുകയും ചെയ്തപ്പോൾ അവർ വിലപിക്കുകയായി: നമ്മുടെ നാഥൻ നമ്മോട് കരുണ കാട്ടുകയും ഈ മഹാപാപം പൊറുത്തുതരികയും ചെയ്യുന്നില്ലെങ്കിൽ തീർച്ചയായും നാം എല്ലാം നഷ്ടപ്പെട്ടവരുടെ കൂട്ടത്തിലായിപ്പോകുമല്ലോ?

എന്റെ ദൃഷ്ടാന്തങ്ങളിൽനിന്ന് = عَنْ آيَاتِيَ ഞാൻ തിരിച്ചുകളയും = سَأَصْرِفُ

അവകാശമില്ലാതെ, അന്യായമായി = بِغَيْرِ الْحَقِّ ഭൂമിയിൽ അഹങ്കരി(ച്ചു വാഴുന്ന)ക്കുന്നവരെ = الَّذِينَ يَتَكَبَّرُونَ فِي الْأَرْضِ

അവരതിൽ വിശ്വസിക്കുകയില്ല = لَّا يُؤْمِنُوا بِهَا എല്ലാ(ഏതു)ദൃഷ്ടാന്തം = كُلَّ آيَةٍ അവർ കണ്ടാൽ(ലും) = وَإِن يَرَوْا

വഴിയായി = سَبِيلًا അവരത് കൈക്കൊള്ളുകയില്ല = لَا يَتَّخِذُوهُ വിവേകത്തിന്റെ = الرُّشْدِ വഴി = سَبِيلَ അവർ കണ്ടാൽ = وَإِن يَرَوْا

അവിവേകത്തിന്റെ, മൂഢതയുടെ, അസത്യത്തിന്റെ = الْغَيِّ അവർ വഴി കണ്ടാൽ(ലോ) = وَإِن يَرَوْا سَبِيلَ

അ(ഇ)ത് = ذَٰلِكَ (സ്വന്തം) വഴിയായി = سَبِيلًا അവരതിനെ സ്വീകരിക്കുന്നു = يَتَّخِذُوهُ

അവർ ആ(ണ്)യിരുന്നു = وَكَانُوا നമ്മുടെ ദൃഷ്ടാന്തങ്ങളെ = بِآيَاتِنَا അവർ തള്ളിപ്പറഞ്ഞതുകൊണ്ടാകുന്നു = بِأَنَّهُمْ كَذَّبُوا

എന്നാൽ തള്ളിപ്പറഞ്ഞവർ (ഉണ്ടല്ലോ) = وَالَّذِينَ كَذَّبُوا (തീരെ) അശ്രദ്ധരും = غَافِلِينَ അതിനെക്കുറിച്ച് = عَنْهَا

കെട്ടു, നശിച്ചുപോയിരിക്കുന്നു = حَبِطَتْ പരലോകത്തെ കണ്ടുമുട്ടുന്നതിനെയും = وَلِقَاءِ الْآخِرَةِ നമ്മുടെ ദൃഷ്ടാന്തങ്ങളെ = بِآيَاتِنَا

അവർക്ക് (മനുഷ്യർക്ക്) പ്രതിഫലം ലഭിക്കുമോ = هَلْ يُجْزَوْنَ അവരുടെ കർമങ്ങൾ(ഒക്കെയും) = أَعْمَـٰلَهُمْ

എടുത്തു, (ആരാധനാമൂർത്തിയായി) സ്വീകരിച്ചു = وَٱتَّخَذَ അവർ (മനുഷ്യർ) പ്രവർത്തിച്ചിരുന്നതിനല്ലാതെ = إِلَّا مَا كَانُوا۟ يَعْمَلُونَ

അവരുടെ ആഭരണങ്ങളാൽ(ൾ കൊണ്ടുണ്ടാക്കിയ) = مِنْ حُلِيِّهِمْ അദ്ദേഹത്തിനു പിറകിൽ = مِنۢ بَعْدِهِۦ മൂസായുടെ ജനം = قَوْمُ مُوسَىٰ

അതിന് ഒരു മുക്രയുണ്ട് (മുക്രയിടുന്ന) = لَّهُۥ خُوَارٌ ദേഹമായ (പ്രതിമയെ) = جَسَدًا ഒരു കാളക്കിടാവിനെ(ന്റെ) = عِجْلًا

അത് അവരോട് സംസാരിക്കുന്നില്ല (എന്നും) = لَا يُكَلِّمُهُمْ എന്തെന്നാൽ = أَنَّهُۥ അവർ കണ്ടിരുന്നില്ലയോ = أَلَمْ يَرَوْا۟

(യാതൊരു) മാർഗത്തിലേക്കും = سَبِيلًا അത് (ആ പ്രതിമ) അവരെ നയിക്കുന്നില്ല (എന്നും) = وَلَا يَهْدِيهِمْ

(അങ്ങനെ) അവർ ആയിത്തീരുകയും ചെയ്തു = وَكَانُوا۟ (എന്നിട്ടും) അവർ അതിനെ (ആരാധ്യമായി) സ്വീകരിച്ചു = ٱتَّخَذُوهُ

(കടുത്ത) ധിക്കാരികൾ, അക്രമികൾ = ظَـٰلِمِينَ

അവരുടെ കരങ്ങളിൽ വീഴപ്പെട്ടപ്പോൾ (സ്വന്തം ചെയ്തിയിൽ അവർ നെടും ഖേദത്തിലകപ്പെടുകയും) = وَلَمَّا سُقِطَ فِىٓ أَيْدِيهِمْ

അവർ കാണുകയും (മനസ്സിലാക്കുകയും) ചെയ്തപ്പോൾ = وَرَأَوْا۟

അവർ പറഞ്ഞു (വിലപിക്കുകയായി) = قَالُوا۟ എന്തെന്നാൽ അവർ തീർച്ചയായും വഴിതെറ്റിയിരിക്കുന്നുവെന്ന് = أَنَّهُمْ قَدْ ضَلُّوا۟

നമ്മുടെ നാഥൻ നമ്മോട് കരുണ കാട്ടി(ട്ടുകയും)യില്ലെങ്കിൽ = لَئِن لَّمْ يَرْحَمْنَا رَبُّنَا

തീർച്ചയായും നാം ആയിപ്പോകുമല്ലോ = لَنَكُونَنَّ നമുക്ക് (ഈ മഹാപാപം) പൊറുത്തുതരികയും ചെയ്തില്ലെങ്കിൽ = وَيَغْفِرْ لَنَا

എല്ലാം നഷ്ടപ്പെട്ടവരുടെ കൂട്ടത്തിൽ = مِنَ ٱلْخَـٰسِرِينَ

**146,147:** ഇസ്രാഈല്യർക്ക് ശരീഅത്ത് നൽകുകയും, അതു മുറുകെപ്പിടിക്കാനും കണിശമായി പിന്തുടരാനും കൽപിക്കുകയും ചെയ്തശേഷം സന്മാർഗലബ്ധി സംബന്ധിച്ച് സുപ്രധാനമായ ഒരു പൊതുതത്ത്വം ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അല്ലാഹു സത്യപ്രമാണങ്ങളുമായി പ്രവാചകന്മാരെ നിയോഗിച്ചതുകൊണ്ടുമാത്രം ആളുകൾ സന്മാർഗം പ്രാപിക്കുകയില്ല. സന്മാർഗം പ്രാപിക്കണമെന്നമാഗ്രഹിക്കുന്നവർക്കു മാത്രമേ അതു പ്രാപിക്കാനാവൂ. ആ ആഗ്രഹം മനസ്സിലുണരണമെങ്കിൽ സ്വന്തം ന്യൂനതകളെക്കുറിച്ചും നിസ്സാരതയെക്കുറിച്ചും ബോധം വേണം. കുറവുണ്ട് എന്നറിയുന്നവനേ അതു നികത്താൻ തോന്നൂ. തനിക്കു വേണ്ടുവോളം സമ്പത്തുണ്ടെന്നും ഇനിയൊന്നും ആവശ്യമില്ലെന്നും വിശ്വസിക്കുന്നവൻ പിന്നെ ധനം സമ്പാദിക്കാൻ യത്നിക്കുകയില്ല. തനിക്ക് എല്ലാം അറിയാം, ഇനി ആരിൽനിന്നും ഒന്നും പഠിക്കുന്നില്ല, ആരുമൊന്നും പഠിപ്പിക്കേണ്ടതുമില്ല എന്നു കരുതുന്നവനെ പിന്നെ ആർക്കുമൊന്നും പഠിപ്പിക്കാനാവില്ല. താൻ എന്തിനും പോന്നവനാണ്, എല്ലാം തികഞ്ഞവനാണ് എന്ന് വിചാരിക്കുകയും ആ വിചാരം നടപടികളിലൂടെ പ്രകടിപ്പിക്കുകയും ചെയ്യുകയാണ് അഹങ്കാരം تكبّر. മനുഷ്യന് സംഭവിക്കാവുന്ന ഏറ്റം വലിയ വിഡ്ഢിത്തങ്ങളിലൊന്നാണിത്. വളരെ ഗർഹണീയമായ പാപവും. എന്തിനും പോന്നവനും എല്ലാം തികഞ്ഞവനും എല്ലാ അറിയുന്നവനും അല്ലാഹു മാത്രമേയുള്ളൂ. അവനു മാത്രമേ അഹങ്കരിക്കാൻ അവകാശമുള്ളൂ. മറ്റാരെങ്കിലും അങ്ങനെ അവകാശപ്പെടുന്നുവെങ്കിൽ അത് അന്യായവും അനർഹവുമായ അവകാശവാദമായിരിക്കും. അല്ലാഹുവല്ലാത്ത സകല സൃഷ്ടികളും അവന്റെ ആശ്രിതരാണ്. അവൻ കനിഞ്ഞരുളിയ അറിവും കഴിവും വിഭവങ്ങളും മാത്രം കൈവശമുള്ളവർ. ഇതുവെച്ച് താൻ വളരെ വലിയവനും വിദ്വാനുമാണെന്ന് കരുതുന്നത് വിഡ്ഢിത്തം മാത്രമല്ല, തന്നോട് ഔദാര്യം ചെയ്ത ദൈവത്തോടുള്ള നന്ദികേടുമാണ്.

ഇത്തരമാളുകളുടെ ദൃഷ്ടിയിൽ അവർക്കിഷ്ടമുള്ളതൊക്കെയാണ് സത്യവും ധർമവും. ഇഷ്ടമില്ലാത്തതെല്ലാം അസത്യവും അധർമവുമാണ്. അവൻ തന്നെയാണവന്റെ ദൈവം. സ്വന്തം ഇഷ്ടാനിഷ്ടങ്ങളാണ് സത്യത്തിന്റെയും ധർമത്തിന്റെയും പ്രമാണങ്ങൾ. ഈ അവസ്ഥയെയാണ് അല്ലാഹു, 'എന്റെ ദൃഷ്ടാന്തങ്ങളിൽനിന്ന് ഞാനവരെ തിരിച്ചുകളയും' എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്. സത്യം സ്വീകരിക്കാനാഗ്രഹിക്കുന്നവർക്ക് അല്ലാഹു അതിനുള്ള ഉപാധികളും മാർഗങ്ങളുമൊരുക്കിക്കൊടുക്കുന്നു. അപ്പോൾ അവരാ മാർഗങ്ങളുപയോഗപ്പെടുത്തി സത്യത്തിലെത്തുന്നു. ഇതിനെക്കുറിച്ചാണ് 'അല്ലാഹു സന്മാർഗത്തിലാക്കുക' എന്ന് അവൻ പറയാറുള്ളത്. അതുപോലെ തനിക്കു താൻതന്നെ മതി, അതിനപ്പുറം ആരെയും അനുസരിക്കുകയോ അവലംബിക്കുകയോ ചെയ്യേണ്ടതില്ല എന്ന് അഹങ്കരിക്കുന്നവർക്ക് അവരിഷ്ടപ്പെടുന്നതിലേക്കുള്ള മാർഗവും ഒരുക്കിക്കൊടുക്കുന്നു. ഇതിനെയാണ് 'അല്ലാഹു വഴിതെറ്റിച്ചു' എന്നും 'അവന്റെ ദൃഷ്ടാന്തങ്ങളിൽനിന്ന് തിരിച്ചുകളഞ്ഞു' എന്നും പറയുന്നത്. വാസ്തവത്തിൽ, 'അല്ലാഹു ബലാൽക്കാരം ആരെയും സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ കൊണ്ടുവരുന്നില്ല' എന്നതിന്റെ മറ്റൊരു ഭാഷ്യമാണിത്.

താൻ വലിയവനും മഹായോഗ്യനുമാണെന്ന് സ്വയം കരുതുന്നവൻ സത്യത്തിന്റെയും ധർമത്തിന്റെയും ഏതു ദൃഷ്ടാന്തവും സ്വീകരിക്കാൻ കൂട്ടാക്കുകയില്ല. പ്രവാചകന്മാർ, വേദ പ്രമാണങ്ങൾ എല്ലാം തനി തട്ടിപ്പ്, അല്ലെങ്കിൽ അന്ധവിശ്വാസങ്ങൾ ആണെന്നായിരിക്കും അവന്റെ നിലപാട്. വിവേകത്തിന്റെ മാർഗം തെരഞ്ഞെടുത്ത് പ്രവാചകന്മാരെ വിശ്വസിച്ച് വേദപ്രമാണങ്ങളനുസരിച്ച് ജീവിക്കുന്ന വ്യക്തികളെയും സമൂഹത്തെയും കണ്ടാൽ ആ മാർഗം സ്വീകരിക്കുന്നതിനു പകരം അവരെ ആക്ഷേപിക്കാനും പരിഹസിക്കാനുമാണവൻ മുതിരുക. അതേസമയം, ബഹുദൈവത്വത്തിന്റെയോ നാസ്തികത്വത്തിന്റെയോ മുതലാളിത്തത്തിന്റെയോ കമ്യൂണിസത്തിന്റെയോ അരാജകത്വത്തിന്റെയോ എന്നുവേണ്ട അസത്യത്തിന്റെയും അധർമത്തിന്റെയും ഏതു മാർഗം കണ്ടാലും അവയിലൊന്നോ പലതോ സ്വന്തം മാർഗമായി വാരിപ്പുണരാൻ അഹമഹമികയാ മുന്നോട്ടുവരികയും ചെയ്യുന്നു. യഥാർഥ ദൈവത്തെയും അവന്റെ ദൃഷ്ടാന്തങ്ങളെയും തള്ളിക്കളയുന്നതിന്റെ അനിവാര്യ ഫലമാണിത്. ഈ സൂക്തത്തിൽ آيات എന്നു പറയുന്നത് പ്രവാചകന്മാരും വേദപ്രമാണങ്ങളും ഉൾപ്പെടെയുള്ള സന്മാർഗദർശനോപാധികളെ ഉദ്ദേശിച്ചാണ്. സന്മാർഗത്തെ തള്ളിക്കള

ഞ്ഞവർക്ക് പലതരം ദുർമാർഗങ്ങളിൽ ചെന്നു ചാടുകയല്ലാതെ വേറെ ഗതിയില്ല.

ദൈവികദൃഷ്ടാന്തങ്ങൾ തള്ളിക്കളയുന്ന അഹങ്കാരികൾ അങ്ങനെ ചെയ്യുന്നത് ദൃഷ്ടാന്തങ്ങളെ വേണ്ടവണ്ണം പഠിച്ചു പരിശോധിച്ചിട്ടൊന്നുമല്ല. സ്വന്തം കണ്ണിലും മനസ്സിലും തെളിഞ്ഞതിനപ്പുറം സത്യമില്ല എന്ന അഹന്തയാണവരെ സത്യനിഷേധത്തിനു പ്രേരിപ്പിക്കുന്നത്. ദൃഷ്ടാന്തങ്ങളെ തള്ളിക്കളയാൻ ആദ്യമേ തീരുമാനിച്ചതിനാൽ പഠനവും പരിശോധനയുമർഹിക്കുന്ന ഗൗരവപ്പെട്ട കാര്യമായേ അവരതിനെ കാണുന്നില്ല. അതാണ് وَكَانُوا عَنْهَا غَٰفِلِينَ (അതിനെ കുറിച്ച് അശ്രദ്ധരുമാണവർ) എന്ന വാക്യത്തിന്റെ താൽപര്യം.

ധർമപ്രമാണങ്ങളെ തള്ളിക്കളയുകയും ആ പ്രമാണങ്ങളോട് സ്വീകരിച്ച നിലപാടിനെക്കുറിച്ച് പരലോകത്ത് വിചാരണ ചെയ്യപ്പെടുമെന്ന സത്യത്തെ നിഷേധിക്കുകയും ചെയ്യുന്നവർ പരലോകത്തെത്തുമ്പോൾ ഈ ലോകത്ത് ചെയ്ത പ്രവർത്തനങ്ങളൊക്കെയും നിഷ്ഫലമായതായി കാണുന്നു. അവരുടെ പ്രവർത്തനങ്ങളിലേറെയും ദൈവധിക്കാരങ്ങളും അധർമങ്ങളുമായിരിക്കും. അവയാകട്ടെ പരലോകത്ത് ശിക്ഷിക്കപ്പെടാനുള്ള ന്യായം മാത്രമാകുന്നു. എങ്കിലും അവരുടെ പ്രവർത്തനങ്ങളിൽ ചില നല്ല കാര്യങ്ങളുമുണ്ടായിരിക്കാം. അവയിൽ ചിലത് ഭൗതികദൃഷ്ട്യാ മഹത്തരം എന്നു വിശേഷിപ്പിക്കാവുന്നതുമായിരിക്കാം. പക്ഷേ, അവരത് ചെയ്തത് ദൈവത്തിൽ വിശ്വസിച്ചുകൊണ്ടോ അവൻ അനുശാസിച്ച ധർമമാണെന്നംഗീകരിച്ചുകൊണ്ടോ അല്ല. സാമ്പത്തികലാഭമോ സ്ഥാനമാനങ്ങളോ പ്രസിദ്ധിയോ അധികാരമോ ലക്ഷ്യമാക്കിയായിരിക്കും. അല്ലെങ്കിൽ വെറുതെ അങ്ങനെ ചെയ്യണമെന്ന് തോന്നിയതുകൊണ്ട് ചെയ്തതായിരിക്കും. ഏതായാലും അതുവഴി അല്ലാഹുവിന്റെ തൃപ്തിയും പരലോകത്തെ കർമഫലവും ലക്ഷ്യമാക്കുകയോ ആഗ്രഹിക്കുകയോ ചെയ്തിട്ടില്ല. പരലോകത്തെത്തന്നെ നിഷേധിക്കുകയായിരുന്നുവല്ലോ അവർ. ഭൗതികമായ താൽപര്യങ്ങളായിരുന്നു അവരുടെ ലക്ഷ്യം. ആ താൽപര്യങ്ങൾ നേടാൻ പാകമായ വിധത്തിലാണവർ പ്രവർത്തിച്ചതെങ്കിൽ അത് നേടിയിട്ടുമുണ്ടാകും. ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി മാത്രം പ്രവർത്തിച്ചവർ പരലോക പ്രതിഫലത്തിന് ഏതായാലും അവകാശികളോ അർഹരോ ആകുന്നില്ല. ഇഹലോകത്തു വെച്ചു ചെയ്ത, പരലോകത്ത് പ്രയോജനപ്പെടുമായിരുന്ന സൽക്കർമങ്ങൾ പോലും അവരുടെ പരലോകനിഷേധം മൂലം അവിടെ നിഷ്ഫലമായിത്തീരുന്നു. حَبِطَتْ أَعْمَٰلُهُمْ എന്നാണ് മൂലവാക്യം. പ്രത്യക്ഷത്തിൽ നല്ലതായിക്കാണുന്ന സംഗതി അന്യഥാ ദുഷിച്ചുപോവുകയാണ് حبط. അവർ ചെയ്ത ദാനധർമങ്ങളും പ്രചരിപ്പിച്ച ഭൗതിക വിജ്ഞാനവുമെല്ലാം നല്ലതായിരുന്നു. പക്ഷേ, അല്ലാഹുവിനോട് പ്രതിബദ്ധതയില്ലാത്തതും, പരലോക നിഷേധവും മൂലം പരലോകത്ത് അവയെല്ലാം കെട്ട മുട്ട പോലെയായി. മനുഷ്യൻ എന്താണോ പ്രവർത്തിച്ചത് അതിനാണ് പ്രതിഫലം ലഭിക്കുക. ഭൗതികനേട്ടം മാത്രം ലക്ഷ്യമാക്കിയുള്ള പ്രവർത്തനത്തിന് പ്രതിഫലമായി ഒരിക്കലും പരലോകമോക്ഷം ലഭിക്കുകയില്ല.

അല്ലാഹുവിന്റെ വിധിവിലക്കുകളിലും പരലോക വിചാരണയിലും വിശ്വസിക്കാതെ പരലോകരക്ഷ അസാധ്യമാണെന്നും അതിനാൽ അല്ലാഹു നൽകിയ ശരീഅത്ത് പൂർണമനസ്സോടെ അംഗീകരിക്കുകയും അതേപ്പറ്റി പരലോകത്ത് ചോദ്യംചെയ്യപ്പെടുമെന്ന ബോധത്തോടെ നടപ്പിലാക്കുകയും ചെയ്യണമെന്നും അല്ലാത്തപക്ഷം നിങ്ങളുടെ കർമങ്ങൾ കൊണ്ടൊന്നും യാതൊരു ഫലവുമുണ്ടാവില്ലെന്നും ഇസ്രാഈല്യർക്കുള്ള കനത്ത താക്കീതും ഈ സൂക്തങ്ങൾ ഉൾക്കൊള്ളുന്നു.

ഈ സൂക്തങ്ങൾ മുൻസൂക്തത്തിലെ 'നിങ്ങൾക്ക് ഞാൻ ധിക്കാരികളുടെ ഗേഹം കാണിച്ചുതരുന്നുണ്ട്' എന്ന വാക്യവുമായി ബന്ധിപ്പിച്ചും വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. ആ ധിക്കാരി സമൂഹങ്ങളൊക്കെ ധിക്കാരികളായിത്തീർന്നത് അവർക്ക് സന്മാർഗം ലഭിക്കാത്തതുകൊണ്ടായിരുന്നില്ല; പ്രത്യുത അഹന്തയാൽ ഉദ്ധൃതരായവർ സന്മാർഗസന്ദേശവുമായി വന്ന പ്രവാചകന്മാരെയും വേദപ്രമാണങ്ങളെയും തള്ളിക്കളഞ്ഞതുകൊണ്ടായിരുന്നു എന്ന് ചൂണ്ടിക്കാണിക്കുകയാണീ വചനങ്ങൾ. ഈ വചനങ്ങൾ അല്ലാഹുവും മൂസാ നബിയും തമ്മിലുള്ള സംഭാഷണത്തിന്റെ ഭാഗമല്ല; ആ കഥപറയുന്നതിനിടെ അല്ലാഹു മുഹമ്മദ് നബിയെ ഒരു പൊതുതത്ത്വം ഉണർത്തുകയാണ് എന്നും ഒരഭിപ്രായമുണ്ട്. താൽപര്യമിതാണ്: മൂസാ നബിയിലൂടെ വ്യക്തമായ ശരീഅത്തും വേദവും നൽകിയിട്ടും ഇസ്രാഈല്യർ പിഴച്ചുപോയി. അവരുടെ അഹന്തയും ദൈവിക സൂക്തങ്ങളിലും പരലോകത്തിലും വിശ്വാസമില്ലായ്മയുമായിരുന്നു അതിനു കാരണം. ഇങ്ങനെയുള്ളവർ ഏതുകാലത്തും ഏതു സമൂഹത്തിലുമുണ്ട്. ഇസ്രാഈല്യർക്ക് മൂസായിലൂടെ വേദവും ശരീഅത്തും നൽകിയപോലെ ഇപ്പോൾ മുഹമ്മദ് നബിയിലൂടെ ഇസ്മാഈല്യർക്കും വേദവും ശരീഅത്തും നൽകിയിരിക്കുകയാണ്. ഇസ്രാഈല്യരിലുണ്ടായിരുന്നതുപോലെ ഈ വേദത്തെയും പ്രവാചകനെയും തള്ളിപ്പറയുന്നവർ ഇസ്മാഈല്യരിലും ഉണ്ടാകും. ഭൗതികജീവിതം മാത്രമേ ജീവിതമുള്ളൂവെന്നും തങ്ങൾ എന്തിനും മതിയായവരും എല്ലാം തികഞ്ഞവരുമാണെന്നും ധരിക്കുന്ന അഹങ്കാരികൾക്ക് സന്മാർഗദൃഷ്ടാന്തങ്ങൾ കൈക്കൊള്ളാൻ കഴിയില്ല. പക്ഷേ, എല്ലാം അറിയുന്നവരെന്ന് കരുതി അവർ സഞ്ചരിക്കുന്നത് തെറ്റായ വഴിയിലൂടെയായിരിക്കും. ശരിയായ വഴിക്കു സഞ്ചരിക്കാൻ അവർക്കാവില്ല. അവർ നല്ലതെന്നു കരുതി ചെയ്യുന്ന കർമങ്ങളൊന്നും പരലോകത്ത് അവർക്കൊട്ടും പ്രയോജനപ്പെടുകയുമില്ല.

**148,149:** ഇസ്രാഈല്യരുടെ കഥ തുടരുകയാണ്. ദൈവികദൃഷ്ടാന്തങ്ങൾ തള്ളിക്കളയുകയും പരലോകത്തെ നിഷേധിക്കുകയും ചെയ്യുന്നവർ കൺമുമ്പിൽ തെളിയുന്ന സന്മാർഗത്തെ അവഗണിക്കുകയും ദുർമാർഗം കണ്ടാൽ വാരിപ്പുണരുകയും ചെയ്യുന്നതിനുള്ള മികച്ച ഉദാഹരണവും കൂടിയാണ് ഇവിടെ പരാമർശിക്കുന്ന സംഭവം. സൂറഃ *ത്വാഹാ*യിൽ ഇത് കൂടുതൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

അല്ലാഹുവുമായുള്ള സംഭാഷണത്തിന്റെയും പ്രമാണഫലകങ്ങൾ ഏറ്റുവാങ്ങുന്നതിന്റെയും മുന്നൊരുക്കമായി മൂസാ(അ) നാൽപതുനാളത്തെ തപസ്സിനു പോയപ്പോൾ ഇസ്രാഈല്യർ ഹാറൂൻ നബിയുടെ നേതൃത്വത്തിൽ സീനായുടെ താഴ്വാരത്തുള്ള വാദിർറാഹയിൽ താമസിക്കുകയായിരുന്നു. ഞങ്ങൾക്ക് സ്ഥൂലമായ ഒരാരാധ്യവസ്തു വേണമെന്ന ആവശ്യം അവരിൽ ചിലർ വീണ്ടും ഉന്നയിച്ചു. ഈജിപ്തിലെ ബഹുദൈവത്വസംസ്കാരത്തിന്റെ സ്വാധീനം അപ്പോഴും അവരിൽ പച്ചയായി നിലനിന്നിരുന്നു. മരുഭൂമിയിൽ കണ്ടുമുട്ടിയ ഗോത്രങ്ങളുടെ വിഗ്രഹാരാധനയും ആ സമുദായത്തെ ആകർഷിച്ചു. അതുകൊണ്ട് ഈ ആവശ്യം സമുദായം അതിന്റെ പൊതു ആവശ്യമായി പെട്ടെന്ന് ഏറ്റെടുത്തു. അതിനിടയിൽ സാമിരി എന്നൊരാൾ സ്വർണംകൊണ്ട് ഒരു കാളക്കിടാവിനെ വാർത്തെടുത്തു. ഇസ്രാഈലീ സ്ത്രീകളുടെയും കുട്ടികളുടെയും കൈവശമുണ്ടായിരുന്ന ആഭരണങ്ങൾ സമാഹരിച്ചതായിരുന്നു ഈ സ്വർണം. ഈജിപ്തിൽനിന്ന് പോരുമ്പോൾ ഇസ്രാഈല്യർ ഖിബ്ത്വികളിൽനിന്ന് വായ്പയായി വാങ്ങി കൈവശപ്പെടുത്തിയ ആഭരണങ്ങളും ആ കൂട്ടത്തിലുണ്ടായിരുന്നുവെന്ന് ബൈബിൾ സൂചിപ്പിക്കുന്നുണ്ട്. ഈ സ്വർണം ചെങ്കടലിൽ മുങ്ങിനശിച്ച ഫറവോനികളിൽനിന്ന് ശേഖരിച്ചതാണ് എന്നത്രെ ഖുർആൻ വ്യാഖ്യാതാക്കൾ അതിനെക്കുറിച്ച് പറയുന്നത്.

സാമിരി മൂസാ നബിയോടൊപ്പം ഈജിപ്തിൽനിന്ന്

വന്ന ഒരു കപടൻ(منافق) ആയിരുന്നു. ഇസ്രാഈല്യരെ ഏക ദൈവ വിശ്വാസത്തിൽനിന്ന് അകറ്റി വീണ്ടും വിഗ്രഹാരാധകരാക്കുകയായിരുന്നു അയാളുടെ യഥാർഥ ലക്ഷ്യം. ഒരു ശിൽപി കൂടിയായിരുന്ന ഇയാൾ ഇസ്രാഈല്യരിൽ നല്ല സ്വാധീനം നേടി. സമുദായത്തെ മൂസാ നബിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൽനിന്ന് ഒഴിവായിക്കിട്ടിയ ആദ്യസന്ദർഭംതന്നെ അയാൾ സമർഥമായി ഉപയോഗപ്പെടുത്തുകയായിരുന്നു. മൂസാ(അ) സ്ഥലം വിട്ടപ്പോൾ അയാൾ ആളുകളുടെ കൈവശമുള്ള സ്വർണമത്രയും ശേഖരിച്ചു. അതുകൊണ്ട് അയാൾ ഒരു കാളക്കിടാവിനെ വാർത്തെടുത്തു. ഈജിപ്തിലും മരുഭൂമിയിലെ മറ്റു സമുദായങ്ങളിലും അക്കാലത്ത് ഗോപൂജ പ്രചാരം നേടിയിരുന്നു. സാമിരിയുടെ സുവർണ ഗോവിന്റെ ഉള്ള് പൊള്ളയായിരുന്നു. അതിനകത്ത് കാളയുടേതുപോലുള്ള ഒച്ചയുണ്ടാകുന്ന ചില സൂത്രപ്പണികളും ചെയ്തുവെച്ചിരുന്നു. കാളപ്രതിമയെ പീഠത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് അയാൾ പറഞ്ഞു: 'മൂസാ തെരക്കിപ്പോയ ദൈവമിതാ നമ്മുടെ അടുത്തെത്തിയിരിക്കുന്നു. അത് ശബ്ദിക്കുന്നത് കേട്ടില്ലേ! അതിനെ ആരാധിക്കുവിൻ. അതിന് ബലികളും കാണിക്കകളുമർപ്പിക്കുവിൻ.' ഇത്തരം സന്ദർഭങ്ങളിൽ ജനം അപസ്മാരരോഗികളെപ്പോലെ യാതൊരു വീണ്ടുവിചാരവുമില്ലാതെ ഓടിക്കൂടുക എക്കാലത്തെയും അനുഭവമാണ്. ദൽഹിയിൽ വിഗ്രഹം പാലു കുടിക്കാൻ തുടങ്ങിയതും മുംബൈയിൽ ഒരു ദർഗയോട് ചേർന്ന കടലിൽ മധുരജലം വന്നതും ഈയടുത്ത കാലത്താണല്ലോ. മതേതര വാർത്താ മാധ്യമങ്ങൾ പോലും എന്തൊരു പബ്ലിസിറ്റിയാണതിന് നൽകിയത്! അവിടങ്ങളിൽ 'അനുഗ്രഹ'ത്തിനായി പാഞ്ഞെത്തിയ പതിനായിരങ്ങൾ പാമരന്മാർ മാത്രമായിരുന്നില്ല. നാനാ മതങ്ങളിലും പെട്ട അഭ്യസ്തവിദ്യരും സാംസ്കാരിക പണ്ഡിതന്മാരും അക്കൂട്ടത്തിലുണ്ടായിരുന്നു. യഥാർഥ ദൈവത്തിൽ വിശ്വാസമില്ലാത്തവരും വളരെയെളുപ്പത്തിൽ വ്യാജ ദൈവങ്ങളുടെ അടിമത്തത്തിൽ ചെന്നു ചാടും. ***

ഇസ്രാഈല്യർ മൂസാ നബിയുടെ നീണ്ടകാലത്തെ ശിക്ഷണം ലഭിച്ചവരായിരുന്നു. അത്യത്ഭുതകരമായ മാർഗത്തിലൂടെ അല്ലാഹു അവരെ ഖിബ്ത്വികളുടെ അടിമത്തത്തിൽനിന്നും കൊടിയ പീഡനങ്ങളിൽനിന്നും മോചിപ്പിച്ചു കൊണ്ടു വന്നിട്ട് ഏറെ നാളായിട്ടില്ല. യാഥാർഥ്യത്തിന്റെ മറക്കാനാവാത്ത ഈ അനുഭവങ്ങളെല്ലാം ഉണ്ടായിട്ടും ഒരു കാളപ്രതിമയിൽനിന്ന് ഒച്ചയുയരുന്നത് കണ്ടപ്പോൾ എല്ലാം മറന്ന് അവർ അതിന്റെ അടിമകളായിത്തീർന്നു. ഒരൊച്ചയുണ്ടാക്കുന്നു എന്നല്ലാതെ അതവരോട് സംസാരിക്കുകയോ തങ്ങളെ ഏതെങ്കിലും ആത്മീയ-ധാർമിക-സദാചാര സരണിയിലേക്ക് നയിക്കുകയോ ചെയ്യുന്നില്ല എന്ന കാര്യം ഒരു നിമിഷം പോലും ചിന്തിക്കാൻ അവർ മിനക്കെട്ടില്ല. അങ്ങനെ മൂസാ നബിയെയും അദ്ദേഹത്തെ നിയോഗിച്ച അല്ലാഹുവിനെയും നിസ്സങ്കോചം അവർ ധിക്കരിച്ചു.

ദൃശ്യമായ അത്ഭുതപ്രവൃത്തികളുമായെത്തുന്ന ഇത്തരം ദൈവാവതാരങ്ങൾ പാലു കുടിക്കുന്ന വിഗ്രഹം പോലെ, പള്ളിക്കുന്നിലെ വെള്ളംപോലെ പെട്ടെന്ന് നിഷ്ക്രമിക്കുകയാണ് പതിവ്. ചുരുക്കം ചിലർക്ക് കുറേക്കാലം ആളുകളെ പിടിച്ചു നിർത്താനാകുന്നുണ്ട്. വ്യാജദൈവങ്ങളുടെ ഭക്തന്മാരിലധികവും ഏറെത്താമസിയാതെ തങ്ങളുടെ മഹാ മണ്ടത്തരത്തിൽ ഖേദിക്കുന്നു- ഹാജി ദർഗക്കടുത്ത 'മധുരിക്കുന്ന സമുദ്രജലം' കുടിച്ച് രോഗങ്ങളേറ്റുവാങ്ങിയവരെപ്പോലെ.

മൂസാ നബി സീനായിൽനിന്ന് തിരിച്ചെത്തിയപ്പോൾ ഗോഭക്തരായ ഇസ്രാഈല്യർക്കും ബോധ്യമായി, തങ്ങൾ ചെയ്തത് മഹാ വിഡ്ഢിത്തവും മാർഗഭ്രംശവും അക്രമവുമായിരുന്നുവെന്ന്. അവർ ദൈവകാരുണ്യത്തിനും പാപമോചനത്തിനും മനംനൊന്ത് പ്രാർഥിച്ചു. അങ്ങനെ ആത്മാർഥമായി പശ്ചാത്തപിക്കുകയും സത്യവിശ്വാസത്തിലേക്ക് മടങ്ങുകയും ചെയ്തവർക്ക് അല്ലാഹു പൊറുത്തു കൊടുക്കുമെന്ന് 153-ാം സൂക്തത്തിൽ സൂചിപ്പിക്കുന്നുണ്ട്.

മൂലത്തിലെ عِجْلًا ഒത്തകാള (ثور) ആയിക്കഴിഞ്ഞിട്ടല്ലാത്ത കാളക്കുട്ടനാണ്. جسد സചേതന ശരീരത്തെ കുറിക്കാനാണ് സാധാരണ ഉപയോഗിക്കുക. ഇവിടെ അതുപയോഗിച്ചിരിക്കുന്നത് രൂപം, പ്രതിമ എന്ന അർഥത്തിലാണ്. ചിലർ സാമിരി നിർമിച്ചത് കാളക്കുട്ടന്റെ സചേതന ശരീരം തന്നെയായിരുന്നു എന്നും അത് കാളകളെപ്പോലെ ശബ്ദിച്ചിരുന്നു എന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗോവർഗത്തിൽപെട്ട കാലികൾ അമറുന്നതിനും മുക്രയിടുന്നതിനുമാണ് خُوَارٌ എന്ന് പറയുക. وَلَمَّا سُقِطَ فِىٓ أَيْدِيهِمْ എന്ന വാക്യം ഒരു കാര്യം ചെയ്തശേഷം അത് മഹാ അബദ്ധമായിപ്പോയി എന്ന് ബോധ്യപ്പെടുമ്പോഴുണ്ടാകുന്ന കടുത്ത വ്യസനത്തെക്കുറിക്കുന്ന, سقط فى يده എന്ന ഭാഷാപ്രയോഗത്തിന്റെ ബഹുവചനമാണ്. ചെയ്തത് മഹാ വിഡ്ഢിത്തമായി എന്ന് മനസ്സിലാകുമ്പോഴുണ്ടാകാറുള്ള കൈകൂട്ടിയടിക്കുക, കൈ കടിക്കുക, കൈകൊണ്ട് തലക്കും മുഖത്തും മാറത്തും അടിക്കുക തുടങ്ങിയ ചേഷ്ടകളുമായി ബന്ധപ്പെടുത്തി ആവിഷ്കരിക്കപ്പെട്ടതാണീ പ്രയോഗം.

കാളക്കുട്ടന്റെ മുക്രയിടൽ ഒരു തട്ടിപ്പായിരുന്നുവെന്ന് പറയുന്നവരിൽ ചിലർ പറയുന്നതിങ്ങനെയാണ്: പ്രതിമക്കകത്ത് ചില പ്രത്യേക കുഴലുകൾ സജ്ജീകരിച്ചിരുന്നു. പ്രതിമയെ ഒരു ഉയർന്ന പീഠത്തിൽ കാറ്റിന്റെ ഗതിക്കഭിമുഖമായി സ്ഥാപിച്ചു. പ്രതിമക്കുള്ളിൽ കടക്കുന്ന കാറ്റ് അകത്തെ കുഴലുകളിലൂടെ സഞ്ചരിച്ച് ശബ്ദമുണ്ടാക്കുകയായിരുന്നു. വേറെ ചിലർ പറയുന്നു: കാളപ്രതിമ സ്ഥാപിച്ച പീഠത്തിനു താഴെ ഒരാളെ ഒളിച്ചിരുത്തുകയായിരുന്നു. ഭക്തന്മാർ വരുമ്പോൾ അയാൾ കാള അമറുന്നപോലെ അമറും. അതുകേട്ട് ശബ്ദമുണ്ടാക്കുന്നത് കാളപ്രതിമയാണെന്ന് ആളുകൾ ഭ്രമിക്കുകയായിരുന്നു. ■